# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3862 — 15/05/2017 – ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി<br>" കെ കുഞ്ഞിരാമൻ<br>" പി.ഉണ്ണി<br>" ശ്രീ.കെ.കെ.രാമചന്ദ്രൻനായർ | ശ്രീ. ഇ.ചന്ദ്രശേഖരൻ<br>( റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ്, കേരള സംസ്ഥാന നിർമ്മിതികേന്ദ്രം, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ഹൗസ് ഫെഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ , മത്സ്യഫെഡ്, ഡയറക്ടറേറ്റ് ഓഫ് സൈനിക് വെൽഫെയർ, പട്ടികജാതി വികസന വകുപ്പ് തുടങ്ങിയവയാണ് സംസ്ഥാനത്ത് ഭവന നിർമ്മാണ മേഖലയിൽ മുൻനിരയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികൾ. കൂടാതെ പ്രൈവറ്റ് മേഖലയിൽ നിരവധി ഏജൻസി/കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പ്രധാന സാർക്കാരിതര സംഘടനകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി) | ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, കോസ്റ്റ് ഫോഡ്, സഹകരണ മേഖലയിൽ സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ, പ്രാഥമിക സഹകരണ സംഘങ്ങൾ, ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന പ്രധാന സാർക്കാരിതര സംഘടനകൾ . |
| (സി) | ഭവന നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ മുതലായവയുടെ സഹായത്തോടെ ഭവനരഹിതരുടെയും പൂർത്തിയാക്കാത്ത വീടുകളുടേയും സമഗ്രമായ പട്ടിക തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ? | (സി) | ഉണ്ട്. അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവന രഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ നവകേരള മിഷനു കീഴിൽ രൂപീകരിച്ച സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയാണ് ലൈഫ് മിഷൻ. പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള സർവ്വേക്കുള്ള ചുമതല കുടുംബശ്രീ മിഷനാണ്. സർവ്വേ പൂർത്തിയായെങ്കിലും ആയതിൻമേലുള്ള മേൽ പരിശോധന നടന്നുവരികയാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മിഷൻ യോഗമാണ് കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നത്. ഗുണഭോക്താക്കളെ കണ്ടെത്താനുള്ള മാർഗ്ഗനിർദ്ദേശവും ഭൂമിയുള്ള ഭവനരഹിതർക്കും ഭൂമിയില്ലാത്ത ഭവനരഹിതർക്കും ഭവനം നൽകുന്നതിനും മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ |

ഭൂമിയുള്ള ഭവനരഹിതർക്ക് നൽകാവുന്ന ധനസഹായത്തിന്റെ അളവും നിശ്ചയിച്ചിട്ടുണ്ട്. രാഷ്ട്രീയമോ, മറ്റൊരു പരിഗണനയോ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡമാക്കിയിട്ടില്ല. അർഹരായ ഗുണഭോക്താക്കൾ പട്ടികയിൽ ഇല്ലാത്ത പക്ഷം, അവർക്ക് പഞ്ചായത്തുതല ആദ്യഘട്ട അപ്പീലിനും ജില്ലാതലത്തിൽ രണ്ടാം ഘട്ട അപ്പീലിനും വ്യവസ്ഥ ഉണ്ടായിരിക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി ആവാസ് യോജന(നഗരം), പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമം) എന്നീ പദ്ധതികളും സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളും ലൈഫ് മിഷനുമായി സംയോജിച്ച് നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. പ്രധാനമന്ത്രി ആവാസ് യോജന(നഗരം) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയും പ്രധാനമന്ത്രി ആവാസ് യോജന(ഗ്രാമം ) പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഏജൻസി ഗ്രാമവികസന വകുപ്പുമാണ്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴിയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

വിവധ വകുപ്പുകൾ മുഖാന്തിരം നടപ്പിലാക്കുന്ന ഭവന പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ലൈഫ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ജനറൽ വിഭാഗത്തിന് 3.5 ലക്ഷം രൂപയും പട്ടികജാതി/മത്സ്യ തൊഴിലാളികൾ തോട്ടം

| | | | |
|---|---|---|---|
| | | | തൊഴിലാളികൾ എന്നീ മേഖലയിലുള്ളവർക്ക് 4 ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചെലവാകുന്ന യഥാർത്ഥ തുകയും നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ